പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 608**

9-2-2016 ൽ മറുപടിക്ക്

## കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്

| ചോദ്യം<br>**ശ്രീ.കെ.ദാസൻ** | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് കെൽട്രോൺ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; അവ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | ഈ സർക്കാരിന്റെ കാലത്ത് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. തിരുവനന്തപുരം വെള്ളയമ്പലത്ത് 'കോസ്മോ ട്വിൻ ബസ് ഷെൽട്ടർ' സ്ഥാപിച്ചു (2014-15)<br>2. തിരുവനന്തപുരത്തെ കേരളാ ഫെഡറേഷൻ ഒഫ് ദ ബ്ലൈൻഡിനു ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണത്തിനായി സംഭാവന നൽകി. (2015-16)<br>3. തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്റർ - പുവർ പേഷ്യന്റ് ഫണ്ടിലേക്ക് സംഭാവന നൽകി. (2015-16) |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ട് കെൽട്രോണിനു ലഭിച്ചിട്ടുള്ള അപേക്ഷകൾ ഏതെല്ലാം; വിശദമായി വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് കെൽട്രോണിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നും തുക ആവശ്യപ്പെട്ട് താഴെ പറയുന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>1. തിരുവനന്തപുരത്തെ കേരളാ ഫെഡറേഷൻ ഒഫ് ദ ബ്ലൈൻഡിനു ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണത്തിന് വേണ്ടി തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ<br><br>2. കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'ഡീപ്പ് മലബാർ എഡ്യു ഡ്രീംസ് പദ്ധതിയ്ക്ക് തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. കെ. ദാസൻ എംഎൽഎ (കൊയിലാണ്ടി) നൽകിയ അപേക്ഷ |
| (സി) | ലഭിച്ചിട്ടുള്ള അപേക്ഷകളിൽ കെൽട്രോൺ ഏതെല്ലാം പരിഗണിച്ചു; പരിഗണിച്ച അപേക്ഷകൾ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ നിന്നുള്ളതാണ്; നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം എന്ന് അറിയിക്കുമോ ? | (സി) | ലഭിച്ചിട്ടുള്ള അപേക്ഷകളിൽ,തിരുവനന്തപുരത്തെ കേരളാ ഫെഡറേഷൻ ഒഫ് ദ ബ്ലൈൻഡിനു ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണവുമായി ബന്ധപ്പെട്ട അപേക്ഷ കെൽട്രോൺ നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ